**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 1435

03.12.2015-ൽ
മറുപടിയ്ക്ക്

**വൈപ്പിൻ -പള്ളിപ്പുറം സംസ്ഥാനപാതയുടെ ടാറിംങ്ങ്**

| ചോദ്യം<br>ശ്രീ.എസ്. ശർമ്മ | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) വൈപ്പിൻ - പള്ളിപ്പുറം സംസ്ഥാന പാതയുടെ ടാറിംങ്ങിനായി സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) വൈപ്പിൻ പള്ളിപ്പുറം സംസ്ഥാന പാതയുടെ ടാറിംഗിനായി 3 റീച്ചുകളിലായി 6,33,11,658 രൂപ അനുവദിച്ചിരുന്നു. ഇതിൽ ചെയിനേജ് 2/500-4/730 & 9/000 എന്ന ഒരു പ്രവൃത്തിയും ചെയിനേജ് 4/730-7/300,9/00-11/000 , 12/260-13/250 എന്ന ഒരു പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുള്ളതാണ്.<br>ചെയിനേജ് 13/250 മുതൽ 19/000 വരെയുള്ള മൂന്നാമത്തെ പ്രവർത്തി ബി.എം.വർക്ക് വരെ പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) പ്രവൃത്തി നടപ്പാക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വിശദമാക്കാമോ; കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള കാലാവധി എന്നു വരെയാണെന്നും കരാറുകാരന് സമയം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടെങ്കിൽ എത്ര തവണ നല്കിയെന്നും എന്തുകാരണത്താൽ എന്നും വിശദമാക്കാമോ; പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) പൂർത്തിയാക്കാത്ത പ്രവർത്തിയുടെ കാലാവധി 2.3.15 വരെയായിരുന്നു. ടി പ്രവൃത്തിക്ക് കരാറുകാരന് 30.09.2015 വരെ കാലാവധി ദീർഘിപ്പിച്ചു നല്കിയിട്ടുണ്ട്. കാലാവധി ദീർഘിപ്പിച്ച് നൽകിയതിനു കാരണം ബിറ്റുമിൻ ലഭ്യത കുറവും ക്രഷർ സമരവുമാണ്. ഇവ പരിഹരിക്കുന്ന മുറയ്ക്ക് പ്രവൃത്തി തുടങ്ങാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ